44 (210) **കർഷകത്തൊഴിലാളി ക്ഷേമ നിധിയിൽ തൊഴിലാളി ഭൂവുടമ വിഹിതം ശേഖരിക്കുന്നതിനുള്ള സംവിധാനം**

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ തൊഴിലാളി ഭൂവുടമ വിഹിതം ശേഖരിക്കുന്നതിന് ഇന്നുള്ള സംവിധാനമെന്ത്;

(ബി) ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി താലൂക്ക് തലത്തിൽ ഓഫീസ് തുടങ്ങുവാൻ നടപടികളെടുക്കുമോ;

(സി) ക്ഷേമനിധിയിലേക്കുള്ള ഭൂവുടമ വിഹിതം പിരിച്ചെടുക്കുന്നതിനെതിരായി നിലവിലുള്ള കേസുകൾ എത്ര; അവ എവിടെയെല്ലാം;

(ഡി) ഇവയിൻമേൽ തീർപ്പുകൽപ്പിക്കുന്നതിനുവേണ്ടി ബോർഡ് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഇ) തൊഴിലാളികളുടെയും ഭൂവുടമകളുടെയും വിഹിതം വർദ്ധിപ്പിക്കാൻ നടപടികളെടുക്കുമോ;

(എഫ്) ക്ഷേമനിധിയിൽ അംഗങ്ങൾ ആകുന്നതിനുള്ള അവസാന തീയതി തീരുമാനിച്ച് പ്രഖ്യാപിച്ചിട്ടുണ്ടോ; ഓഫീസും മറ്റു സംവിധാനത്തിന്റെയും അപര്യാപ്തത പരിഗണിച്ച് ഈ തീയതി പുനഃപരിശോധിക്കുമോ?

ഉത്തരം

(എ) പദ്ധതി വ്യവസ്ഥ അനുസരിച്ച് ജില്ലാ സഹകരണ ബാങ്കിലോ അതിന്റെ ശാഖകളിലോ അല്ലെങ്കിൽ ബോർഡിന്റെ അതാത് ജില്ലാ ഓഫീസുകളിലോ ആണ് തൊഴിലാളി വിഹിതം അവർ നേരിട്ട് അടയ്ക്കേണ്ടത്. എന്നാൽ ജില്ലാ സഹകരണ ബാങ്കുകളിലും അവയുടെ ശാഖകളിലും അവർ പണം സ്വീകരിക്കാത്തതുകൊണ്ടും തൊഴിലാളികൾ നേരിട്ട് ബോർഡിന്റെ ബന്ധപ്പെട്ട ഓഫീസുകളിൽ വിഹിതം അടയ്ക്കാത്തതുകൊണ്ടും വെൽഫെയർ ഫണ്ട് ഓഫീസർമാർ വില്ലേജ്. പഞ്ചായത്ത് തലങ്ങളിൽ സിറ്റിംഗ് നടത്തി തൊഴിലാളി വിഹിതം ശേഖരിച്ചുവരുന്നു. ഭൂവുടമ വിഹിതം ശേഖരിക്കുന്നത് റവന്യൂ വകുപ്പ് മുഖേനയാണ്. വില്ലേജ് ഓഫീസർമാർ മുഖേന ബന്ധപ്പെട്ട ഭൂവുടമകളിൽ നിന്ന് വിഹിതം ശേഖരിച്ച് ബോർഡിന്റെ അക്കൗണ്ടിലേയ്ക്ക് ഡിമാന്റ് ഡ്രാഫ്റ്റ് ആയോ മെയിൽ ട്രാൻസ്ഫർ ആയോ അയച്ചുതരണമെന്നുള്ളതാണ് നിലവിലുള്ള വ്യവസ്ഥ.

(ബി) പദ്ധതി വ്യവസ്ഥ അനുസരിച്ച് അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ് 5% ആണ്. ഇപ്പോൾതന്നെ 15% ബാദ്ധ്യത വരുന്നതിനാൽ ഇനിയും താലൂക്ക് ഓഫീസുകൾ തുടങ്ങുന്ന കാര്യം ബോർഡ് ആലോചിച്ചിട്ടില്ല.

(സി) നിലവിൽ ഹൈക്കോടതിയിൽ 9 കേസുകൾ ഉണ്ട്. താഴെ പറയുന്ന പ്രദേശങ്ങളിൽ ഇതു സംബന്ധിച്ച പ്രശ്നങ്ങൾക്കെതിരെയാണ് ഈ കേസുകൾ.

തലശ്ശേരി	-	1
പാലക്കാട്	-	3
വയനാട്	-	2

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം - 1

കാഞ്ഞിരപ്പള്ളി - 1

മലയാറ്റൂർ - 1

(ഡി) ഈ കേസുകളുടെ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് തയ്യാറാക്കി ബോർഡിന്റെ വക്കീൽ മുഖേന കേസ് നടത്തിപ്പിനുവേണ്ടി എല്ലാ ഏർപ്പാടുകളും ചെയ്തിട്ടുണ്ട്

(ഇ) തൊഴിലാളികളുടെ വിഹിതം വർദ്ധിപ്പിക്കുന്നതിനായി നിയമത്തിൽ വേണ്ട ഭേദഗതി വരുത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) നിലവിൽ 18 വയസ്സിനും 60 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള തൊഴിലാളികൾക്ക് പദ്ധതിയിൽ ചേരുന്നതിന് അവസാന തീയതി 31.12.99 ആയി നിശ്ചയിച്ചിട്ടുണ്ട്. പദ്ധതി വ്യവസ്ഥ അനുസരിച്ച് അപേക്ഷ നൽകുന്നതിന് സ്റ്റാഫിന്റെ പോരായ്മ ഒരു പ്രശ്നമല്ല. എന്നിരുന്നാലും ആവശ്യമെന്ന് കണ്ടാൽ തീയതി നീട്ടുന്ന കാര്യം പുനഃപരിശോധിക്കുന്നതിന് ബുദ്ധിമുട്ടില്ല.

45 (211) മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് സ്പെഷ്യൽ റൂൾസ്

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നത് ഏത് വ്യവസ്ഥയിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കരട് നിയമത്തിൽ ബോർഡിലെ ടൈപ്പിസ്റ്റുമാരെ സംബന്ധിച്ച കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതുകൂടി ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) ഉണ്ട്.

(സി) ഉദിക്കുന്നില്ല.

46 (212) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. സി. മോയിൻകുട്ടി :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly